കമ്മിറ്റുമെന്റും ഈ മംഗത്ത് ഉണ്ടായിട്ടുള്ളതുകൊണ്ടുമാണ് ഓർഡിനൻസായി ഇത് കൊണ്ടുവന്നത്. അതുകൊണ്ട് ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്നാണ് എന്റെ അഭിപ്രായം.

(b) റൂളിംഗ്

മി. സ്പീക്കർ : സാധാരണഗതിയിൽ ധനകാര്യ മെമ്മോറാണ്ടത്തിൽ ചെലവ് വരുന്ന സംഖ്യയെപ്പറ്റി പറയണമെന്നുള്ള പോയിന്റ് ശരിയാണ്. പക്ഷെ ഇതിൽ പറഞ്ഞിരിക്കുന്നത് വിനോദസഞ്ചാര വകുപ്പിലുള്ള സാധാരണ പദ്ധതിയുടെ ചെലവ് നേരിട്ട് ഈ ബില്ലിലെ 6(viii) ഖണ്ഡങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളെല്ലാം ആവശ്യമുള്ളപ്പോൾ ഏർപ്പെടുത്തുന്നതാണ് എന്നാണ്. ആവശ്യകത ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയുകയില്ല. അതുപോലെതന്നെ പ്രത്യേക വിനോദസഞ്ചാര മേഖലയുടെ സുസ്ഥിരമായ വികസനത്തിനാവശ്യമായേക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ നിർണ്ണയിക്കുന്ന പ്രകാരമുള്ള രീതിയിൽ സജ്ജീകരിക്കുകയാണ്. അതുകൊണ്ട് ഇപ്പോൾ തിട്ടപ്പെടുത്താൻ കഴിയാത്ത ഒരു സാഹചര്യമാണ് എന്ന സ്ഥിതി കണക്കിലെടുക്കുമ്പോൾ സ്പെസിഫൈ ചെയ്യാൻ പ്രായോഗികമായ ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ആ നിലപാട് അംഗീകരിച്ചുകൊണ്ട് ഈ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

നിയമനിർമ്മാണകാര്യം (തുടർച്ച)

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ) : കേരളത്തിലെ അനന്തമായ സാദ്ധ്യതകൾ മുന്നിൽകണ്ടുകൊണ്ട് നമ്മുടെ സർക്കാരും സ്വകാര്യ സംരംഭകരും കൈകോർത്തുപിടിച്ചുകൊണ്ട് പോകുന്നതിന്റെ ഭാഗമായി നമുക്ക് വലിയ മുന്നേറ്റം ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. ലോക ഭൂപടത്തിൽ കേരളത്തിലെ വിനോദസഞ്ചാര മേഖലയ്ക്കുള്ള സ്ഥാനം ഏറ്റവും മുന്തിയതാണ് എന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. കേരളത്തിന്റെ പ്രകൃതിഭംഗി, സുഖകരമായ കാലാവസ്ഥ, അന്യാദൃശ്യരായ സാമൂഹ്യപ്രശ്നം ഇതൊക്കെക്കൊണ്ടുതന്നെയാണ് 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന പേര് കേരളത്തിന് നൽകാൻ സാധിച്ചിരിക്കുന്നത്. ഈ ബില്ലിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇവിടെ ചില സാങ്കേതിക തടസ്സങ്ങൾ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലേയ്ക്ക് അടുത്തകാലത്ത് വന്ന പോൾ മെക്കാർട്ടിനി പറഞ്ഞിരിക്കുന്നത് This has been the best birthday I have ever had in my life. I was mesmerized by the incredible display of jasmine, marry gold, roses, carnations and many others. The view under the stars was breath taking. For shooting stars, I have travelled the world but never have experienced anything quiet like this. This is our first visit to Kerala, a magical experience. ഇതാണ് അദ്ദേഹം പറഞ്ഞ അഭിപ്രായം. അതുപോലെ തന്നെ ജോസഫ് കെന്നടിയുടെ നെഹ്രു, ജോൺ എഫ്. കെന്നഡി ഇവിടെ വന്നപ്പോൾ പറഞ്ഞത് Naturally silent beauty provides a perfect setting here for contemplation എന്നാണ്. അതായത് നമ്മുടെ സൈലന്റ് പ്രകൃതിയുടെ ഭംഗിയാണ് കേരളത്തിൽ ഏറ്റവും കൂടുതൽ പ്രത്യേകത സൃഷ്ടിച്ചിരിക്കുന്നത് എന്നാണ്. അടിസ്ഥാനപരമായ സങ്കൽപ്പം. കേരളത്തിന്റെ ഏത് പ്രദേശം എടുത്തുനോക്കിയാലും ലോകത്തിന്റെ ഏത് കോണിനെ അപേക്ഷിച്ചും പ്രകൃതി ഭംഗിയിൽ ഏറ്റവും മുന്നിൽ നിൽക്കുന്നതുകൊണ്ടാണ് 'ദൈവത്തിന്റെ സ്വന്തം നാട്'

LIBRARY ARCHIVES Kerala Legislative Assembly